# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -102

26.09.2016 ൽ മറുപടിയ്ക്ക്

## ചെറായി എ.കെ.ജി വായനശാല നശിപ്പിച്ച സംഭവം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ചെറായി എ.കെ.ജി വായനശാലയും തൊട്ടടുത്ത കടമുറികളും തീവച്ച് നശിപ്പിച്ച സംഭവത്തിൽ നടന്നുവരുന്ന അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;<br>(ബി) അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തത് എന്നുമുതലാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) മുനമ്പം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 985/2015 എന്ന കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് Cr.No.09/Cr/OCW-II/EKM/2016 ആയി റീ നമ്പർ ചെയ്ത് 20.02.2016 മുതൽ അന്വേഷണം നടത്തി വരുന്നു. അന്വേഷണത്തിന്റെ ഭാഗമായി നാളിതുവരെ എഴുപതോളം സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും സംശയിക്കപ്പെടുന്നവരുടെ മൊബൈൽ ഫോൺകോൾ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും കൃത്യസ്ഥലത്തു നിന്നും ശേഖരിച്ച വസ്തുക്കളുടെ സാമ്പിളുകൾ ശാസ്ത്രീയ പരിശോധനയ്ക്ക് തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാണ്. |
| (സി) കേസ് സംബന്ധിച്ച് എന്നത്തേക്ക് കുറ്റപത്രം സമർപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) അന്വേഷണം പുരോഗമിക്കുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ